# കേരള സർവകലാശാല

## കാമ്പസ് ഭരണ വിഭാഗം

**കാര്യവട്ടം, തിരുവനന്തപുരം**

www.keralauniversity.ac.in

**ജോയിന്റ് രജിസ്ട്രാർ** | **ടെലി–ഫാക്സ്– 0471 2308614**

**കാമ്പസ് ഭരണ വിഭാഗം** | **Email-jr.ca.uok@gmail.com**

നം. സി.എ/അഡ്മിൻ/03/829/2022 | തീയതി 01.02.2022

**കേരള സർവകലാശാല, കാര്യവട്ടം കാമ്പസ്**

## മരം വിൽപന – ദർഘാസ് & ലേലം നോട്ടീസ്

സർവകലാശാല കാര്യവട്ടം കാമ്പസിലെ ബയോടെക്നോളജി വിഭാഗം കെട്ടിടത്തിന്റെ സമീപവും കാമ്പസിലെ വിവിധ ക്വാർട്ടേഴ്സുകൾക്ക് സമീപവും നിൽക്കുന്ന 20 അക്കേഷ്യ മരങ്ങളും 7 വട്ടയും വീണുകിടക്കുന്ന 6 അക്കേഷ്യ മരത്തടികളും വിലയ്ക്കെടുക്കാൻ യോഗ്യരായ വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിക്കുന്നു. **ഇ.എം.ഡി തുക 5,000/- രൂപ,** ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം എന്ന പേരിൽ പ്രത്യേകം എടുത്ത ഡി.ഡി-യോടൊപ്പം (എസ്.ബി.ഐ കാര്യവട്ടം ബ്രാഞ്ചിൽ മാറാവുന്നത്) വെള്ള പേപ്പറിൽ ദർഘാസും അപേക്ഷകന്റെ പേരും മേൽവിലാസവും തിരിച്ചറിയൽ രേഖയുടെ പകർപ്പും ജി.എസ്.റ്റി നമ്പരും (രജിസ്ട്രേഷൻ ഉണ്ടെങ്കിൽ മാത്രം) ഫോൺ നമ്പരും രേഖപ്പെടുത്തി **ഫെബ്രുവരി മാസം 18–ാം തീയതി രാവിലെ 11.30 മണിക്ക്** മുമ്പായി കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രസ്തുത മരങ്ങളുടെ വിൽപനയ്ക്കായി അന്നേ ദിവസം 12 മണിക്ക് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് ഒരു പൊതുലേലവും നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം എന്ന പേരിൽ പ്രത്യേകം എടുത്ത 5,000/- രൂപയുടെ ഡി.ഡി, ഇ.എം.ഡി ആയി സമർപ്പിക്കേണ്ടതാണ്.

മരകഷണങ്ങളുടെ അളവ് വിവരങ്ങൾ ഇതോടൊപ്പം നൽകിയിരിക്കുന്നു. ദർഘാസ് നിബന്ധനകളുടെ വിശദാംശങ്ങൾ അറിയുന്നതിനും മരങ്ങൾ /മരകഷണങ്ങൾ നേരിൽ കാണുന്നതിനും സർവകലാശാലയുടെ കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. **ദർഘാസ് ലഭിക്കുന്ന വ്യക്തി ലേലത്തുകയുടെ 25% ഉടൻ കെട്ടിവയ്ക്കേണ്ടതാണ്. ബാക്കി തുകയും നിയമാനുസൃത നികുതികളും 3 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്കി രസീതു ഹാജരാക്കുകയും 10 ദിവസത്തിനകം ടി മരങ്ങൾ/മരകഷണങ്ങൾ സ്ഥലത്തു നിന്നു നീക്കം ചെയ്യേണ്ടതുമാണ്.**

*Sd/-*

**ജോയിന്റ് രജിസ്ട്രാർ**